Reg. No. : ....................................

Name : .......................................

**SY 17**

**MARCH 2019**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – III

# മലയാളം

## (ഐച്ഛികം)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ*** :

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.**

**[ഓരോന്നിനും ഒന്നോ രണ്ടോ വാക്യം, 2 സ്കോർ വീതം.]** **(5 × 2 = 10)**

1. യുദ്ധത്തിന്റെ നിരർത്ഥകത വെളിപ്പെടുത്തുന്ന വിഭീഷണന്റെ രണ്ടഭിപ്രായങ്ങൾ വിഭീഷണഹിതോപദേശത്തിൽ നിന്നും എടുത്തെഴുതുക.

2. ഞാനിപ്പോൾ ജനിച്ചതായി തോന്നുന്നു. ഇനി വ്യസനിച്ചിട്ടു ഫലമെന്താണ് – ദുര്യോധനന്റെ ഈ വാക്കുകളിൽ തെളിയുന്ന ചിന്തകളെന്തായിരിക്കാം ?

3. "നിങ്ങളെപ്പോലുള്ള ഉദാരമതികളാണ് ഞങ്ങളുടെ വിജയം." പ്രഥമ സായാഹ്നത്തിലെ ഇർവാദീസിന്റെ വാക്കുകളിൽ പ്രകടമാവുന്ന മനോഭാവമെന്ത് ?

4. വിയത്തിലോരോ വികിരങ്ങൾ പാട്ടാൽ
വിപഞ്ചികയ്ക്കും വ്യഥയേകിടുന്നു – വിഭാത വിഭൂതിയിലെ ഈ വരികളിലെ ആശയത്തെ കവയത്രി ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

- പൂമങ്ക സിംഹാസനമേറിയപ്പോൾ
  പൂവേണിമാർ വഞ്ചിയിലെന്നപോലെ
- ചെന്തീനിറം ചേർന്നൊരു പട്ടുവസ്ത്രം
  ചാർത്തുന്നിതാ മേദിനിയാം വധൂടി;
- വിദ്വൽകുലം സദ്വചനങ്ങളാലേ
  വീണെന്റെ ഹൃത്തിന്നഴലേകിടും പോൽ
- തൃണങ്ങളിൽ ചേർന്ന തുഷാരബിന്ദു
  തിളങ്ങി പെൺമുത്തിനെ വെന്നിടുന്നു.

5. വേർഡ്സ്‌വർത്ത് കവിതയെ എങ്ങനെയാണ് നിരീക്ഷിക്കുന്നത് ?

6. പരസ്യങ്ങളെക്കുറിച്ചുള്ള പഠനം മാധ്യമ പഠനത്തിൽ പ്രസക്തമാവുന്നതെന്തുകൊണ്ട് ? രണ്ടു സൂചനകൾ എഴുതുക.

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.**
**[ഓരോന്നിനും അരപ്പുറം, 4 സ്കോർ വീതം.]** **(6 × 4 = 24)**

7. ഭാഷയിലെ മുത്തുമണികളാണ് മുക്തകങ്ങൾ. ഈ പ്രസ്താവനയോടുള്ള പ്രതികരണം കുറിപ്പായെഴുതുക.

8. "ഉല്ക്കടശോകതിക്തമല്ലതോർക്കുകിലന്നയനാംബു
'ദുഃഖസത്യ' ജ്ഞാനദ്ധീരൻ കരകയില്ല"
– ശാന്തം കരുണത്തിലെ ഈ വരികളിൽ തെളിയുന്ന ആശയം എഴുതുക.

9. 'നമുക്ക് മനുഷ്യരോട് അത് പ്രഖ്യാപിച്ചുകളയാം' – എന്ത് പ്രഖ്യാപനമാണ് ഉറുമ്പുകൾ നടത്തുന്നത്. വിശദീകരിച്ച് കുറിപ്പെഴുതുക.

10. 'അമ്മാവന്റെ മുഷിച്ചൽ ഉണ്ടായാൽ പലേ ദുർഘടങ്ങളും ഉണ്ടാകും.' – 'കാലം മാറുന്നു' എന്ന പാഠഭാഗത്തിലെ ശങ്കരമേനോന്റെ സംഭാഷണത്തിൽ പ്രകടമാവുന്ന രീതി ഇന്നും പ്രസക്തമാണോ ? പരിശോധിച്ച് കുറിപ്പെഴുതുക.

11. കാടിന്റെ വിളികേൾക്കുന്നിടത്താണ് കുങ്കൻ എന്ന കഥാപാത്രത്തിന്റെ യഥാർത്ഥ വളർച്ച നാം കാണുന്നത്. വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

12. 'വസ്തുധ്വനി, ഭാവധ്വനി' എന്താണെന്ന് വിശദീകരിച്ചെഴുതുക.

13. ജീവിതാവസ്ഥകൾ കാഴ്ചകൾക്കപ്പുറമാണെന്ന് തുറന്നു പറയുന്ന കഥയാണ് ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' – നിങ്ങളുടെ നിരീക്ഷണം കുറിപ്പായെഴുതുക.

**14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. [ഓരോന്നിനും ഒരു പുറം, 6 സ്കോർ വീതം.] (4 × 6 = 24)**

14. “മൃത്യുവശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ”
– വിഭീഷണഹിതോപദേശത്തിലെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? കുറിപ്പ് തയ്യാറാക്കുക.

15. പദ്യത്തോളം മികച്ചവയല്ലെങ്കിലും ഗദ്യസാഹിത്യവും ഉത്കൃഷ്ട കൃതികളുടെ രചനകളാൽ സജീവമായിട്ടുണ്ടെന്നതിന് പ്രൊഫ. എൻ. കൃഷ്ണപിള്ള, ഉദാഹരിക്കുന്ന വസ്തുതകൾ പാഠഭാഗത്തുനിന്നും എടുത്തെഴുതുക.

16. ‘നഷ്ട സൗഭാഗ്യങ്ങളുടെ ഓർമ്മകളാണ് ബാല്യം’ –
മധുരിക്കും ഓർമ്മകളെ
മലർ മഞ്ചൽകൊണ്ടു വരു... മഞ്ചലിലേറ്റി ബാല്യകാലാനുഭവങ്ങളിലേക്ക് കൊണ്ടുപോവുകയാണല്ലോ ഈ വരികളിലൂടെ. പാഠഭാഗത്തിലെ വരികൾ വിലയിരുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

17. സ്കൂളിൽ വെച്ച് നടത്തുന്ന നാടകോത്സവത്തിന്റെ ഭാഗമായി ‘തനതുനാടകങ്ങളുടെ ഭാവി’ എന്ന വിഷയത്തിൽ, പ്രഭാഷണം നടത്തുന്നതിനായി കുറിപ്പ് തയ്യാറാക്കുക.

18. വളർച്ചയെത്തിയ മനുഷ്യന്റെ അത്ഭുതങ്ങളെക്കാൾ ഗൂഢവും സമ്പന്നവുമാണ് കുട്ടിയുടെ അത്ഭുതങ്ങൾ – ‘പഞ്ചവർണ്ണക്കിളി’ എന്ന പാഠഭാഗത്തെ മുൻനിർത്തി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

**19 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. [ഓരോന്നിനും ഒന്നരപ്പുറം, 8 സ്കോർ വീതം.] (2 × 8 = 16)**

19. യുദ്ധത്തിന്റെ പരിണാമം എന്നും നഷ്ടക്കണക്കുകളുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. ഈ അഭിപ്രായത്തെ ഭാസന്റെ ഊരുഭംഗത്തിലെ, ആസന്നമരണനായ ദുര്യോധനനെ കാണാൻ ധൃതരാഷ്ട്രരും ഗാന്ധാരിയും പരിവാരങ്ങളും രണഭൂമിയിലെത്തിയപ്പോൾ കണ്ട ദൃശ്യങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

20. ‘വാർദ്ധക്യം’ – “ഒരു ശാപമോ രോഗമോ ആക്കുന്ന വ്യവസ്ഥയുടെ കാവൽക്കാരനാണ്.” പ്രഥമസായാഹ്നം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട നിങ്ങളുടെ നിരീക്ഷണം വിശദീകരിച്ചെഴുതുക.

21. എല്ലാം ഉത്പ്പന്നമായി മാറുന്ന വർത്തമാനകാലത്ത് പരസ്യങ്ങൾ സൃഷ്ടിക്കുന്ന ലോകത്തെപ്പറ്റിയുള്ള നിങ്ങളുടെ നിലപാട് വിശദീകരിച്ച് ഉപന്യസിക്കുക.

**തന്നിരിക്കുന്ന കഥ വായിച്ച് അതിനു താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

എല്ലാ സൗഭാഗ്യങ്ങളും തികഞ്ഞ – ധനവും ആരോഗ്യവും വിദ്യാഭ്യാസവും എല്ലാമുള്ള – ഒരു പെൺകുട്ടിയെക്കുറിച്ചായിരുന്നു ഞാൻ എഴുതിക്കൊണ്ടിരുന്നത്. അവൾ ഒന്നും എഴുതി വെച്ചിരുന്നില്ല. ഒഴിഞ്ഞ റെയിൽവേ കമ്പാർട്ട്മെന്റിൽ അവളുടെ അബോധാവസ്ഥയിലുള്ള ശരീരം ... .

ഞാൻ പെൺകുട്ടിയെക്കുറിച്ച് എഴുതുകയായിരുന്നു. അവൾ എന്റെ ആരുമായിരുന്നില്ല. പക്ഷേ, പത്രത്തിൽ ആ വാർത്ത വായിച്ചപ്പോൾ ... .

ഞാൻ എഴുതുന്നത് നിർത്തി, ശൂന്യമായ ചുമരിലേക്കു നോക്കി വെറുതെ ഇരുന്നു.

വില്ലിച്ച ജനൽക്കതകുകളുടെ ഇടയിലൂടെ തണുത്ത കാറ്റ് വന്നു. പെൺകുട്ടിയെക്കുറിച്ചേർത്തപ്പോൾ മാടത്തയുടെ കുഞ്ഞിനെ വേണോ എന്നു ചോദിച്ച കുട്ടിയും ഞാനും ... .

എല്ലുകൾ എഴുന്നു നില്ക്കുന്ന എന്റെ മാറ് ഒരു കൂടായിരുന്നു. ഒരു പക്ഷിക്കൂട്, മാടത്തയുടെ കുഞ്ഞിനെ ഞാൻ കൂടോടു ചേർത്തുപിടിച്ചു. എന്നിട്ട് ഓരോ വീട്ടു വാതില്ക്കലും ചെന്ന ... .

വലിയ കണ്ണുകളുള്ള, കണ്ണുകൾക്കു ചുറ്റും മഞ്ഞ വരയുള്ള മാടത്തയുടെ കുഞ്ഞ് ഉറക്കം തൂങ്ങി കിടന്നു... .

ഞാൻ എഴുന്നേറ്റു വെളിയിലേക്കു ചെന്നു നോക്കി, എന്റെ മനസ് അസ്വസ്ഥമായിരുന്നു. ഇരുണ്ട ആകാശത്തുനിന്നു പൊട്ടി വീണതുപോലെ, ടൗൺഷിപ്പിലെ ഏതെങ്കിലുമൊരു വീടിന്റെ പടിക്കൽ നിന്നുകൊണ്ടു തേങ്ങിക്കരയുന്ന ശബ്ദത്തിൽ ആ കുട്ടി മാടത്തയുടെ കുഞ്ഞിനെ വേണോ എന്നു ചോദിക്കുന്നത് ... .

പക്ഷെ, ഇല്ല അവനെ ഞാൻ എവിടേയും കണ്ടില്ല.

– ടി. പത്മനാഭൻ

22. എഴുത്തുകാരൻ, പെൺകുട്ടിയെക്കുറിച്ചുള്ള എഴുത്ത് നിർത്താനുണ്ടായ കാരണം എന്താണ് ?

23. പെൺകുട്ടിയെക്കുറിച്ചോർത്തപ്പോൾ കഥാകാരന്റെ മനസ്സിലേക്ക് കടന്നുവന്ന ഓർമ്മകൾ ?

24. കഥാകൃത്തിന്റെ മനസ്സ് അസ്വസ്ഥമാകാൻ കാരണമെന്ത് ?